SAMASTHA KERALA
SUNNI MAHALLU FEDERATION (SMF)
STATE COMMITTEE

Date : 14-05-2026

Ref : സർക്കുലർ നമ്പർ: SMF CIR/FP_PMC/01/2026

# SMF FAMILY PLUS - 2026
## പ്രീമാരിറ്റൽ/പോസ്റ്റ് മാരിറ്റൽ കോഴ്സ്

Samastha Kerala Sunni Mahallu Federation (SMF) Golden Jubilee 1976-2026

ബഹു. മഹല്ല് കമ്മിറ്റികൾക്കുള്ള നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും

ബഹുമാന്യരെ, السّلام عليكم

സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തെ വിശ്വാസപരമായും, മാനസികമായും, സാമൂഹികമായും ശക്തിപ്പെടുത്തുക എന്ന മഹത്തായ ലക്ഷ്യത്തോടെ സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി **'SMF ഫാമിലി പ്ലസ്'** പദ്ധതിയുടെ ഭാഗമായി പ്രീമാരിറ്റൽ, പോസ്റ്റ് മാരിറ്റൽ കോഴ്സുകൾ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചുവരികയാണ്. വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന യുവതീയുവാക്കൾക്കും, പുതുകുടുംബജീവിതം നയിക്കുന്ന ദമ്പതികൾക്കും ശരിയായ ദിശാബോധവും, കുടുംബമൂല്യങ്ങളും, ഉത്തരവാദിത്വബോധവും, പരസ്പര ബഹുമാനവും, ആത്മീയ-സാമൂഹിക അവബോധവും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

കുടുംബബന്ധങ്ങളുടെ തകർച്ചയും, വിവാഹമോചനങ്ങളുടെ വർധനവും, തലമുറകളിലെ മൂല്യച്ച്യുതിയും ആശങ്കയാകുന്ന ഈ കാലഘട്ടത്തിൽ മഹല്ലുകൾ ഈ പദ്ധതിയെ അതീവ ഗൗരവത്തോടെയും ഉത്തരവാദിത്വത്തോടെയും ഏറ്റെടുക്കേണ്ടതാണ്. ഓരോ മഹല്ല് ഖത്തീബും, മഹല്ല് കമ്മിറ്റിയും, എസ്.എം. എഫ് പ്രവർത്തകരും ആവശ്യമായ നേതൃത്വം നൽകി പദ്ധതി വിജയിപ്പിക്കണമെന്ന് സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിക്കുന്നു.

**മഹല്ല് കമ്മിറ്റികൾ നിർബന്ധമായും പാലിക്കേണ്ട നിർദ്ദേശങ്ങൾ**

1. **Parents Orientation Class നിർബന്ധം**
   പ്രീമാരിറ്റൽ / പോസ്റ്റ് മാരിറ്റൽ കോഴ്സ് ആരംഭിക്കുന്നതിന്മുമ്പ് രക്ഷിതാക്കളെ ലക്ഷ്യമാക്കി 3 മണിക്കൂർ ദൈർഘ്യമുള്ള Parents Orientation Class മഹല്ല് തലത്തിൽ നിർബന്ധമായും സംഘടിപ്പിക്കണം. കുടുംബവിദ്യാഭ്യാസത്തിന്റെ ആവശ്യകതയും, നല്ല കുടുംബനിർമാണത്തിന്റെ പ്രാധാന്യവും ബോധ്യപ്പെടുത്തുന്നതിൽ ഈ ക്ലാസ് നിർണായകമാണ്.

2. **പ്രീമാരിറ്റൽ കോഴ്സിലേക്കുള്ള പ്രായപരിധി**
   പ്രീമാരിറ്റൽ കോഴ്സിലേക്ക് പ്രവേശനം നൽകുന്നത്: 21 വയസ്സ് തികഞ്ഞ പുരുഷന്മാർക്കും 18 വയസ്സ് തികഞ്ഞ സ്ത്രീകൾക്കും മാത്രമാണ്. പ്രായപരിധി കൃത്യമായി പാലിക്കേണ്ടതാണ്.

3. **പോസ്റ്റ് മാരിറ്റൽ കോഴ്സിലേക്കുള്ള യോഗ്യത**
   വിവാഹം കഴിഞ്ഞ സ്ത്രീപുരുഷന്മാർക്കാണ് പോസ്റ്റ് മാരിറ്റൽ കോഴ്സിലേക്ക് പ്രവേശനം അനുവദിക്കുക.

4. **സെന്റർ അഫിലിയേഷൻ നിർബന്ധം**
   കോഴ്സ് ആരംഭിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട സെന്ററിന്റെ Online Center Affiliation നിർബന്ധമായും പൂർത്തിയാക്കണം. ഇതിലൂടെ കോഴ്സിന്റെ ഔദ്യോഗികതയും ഗുണമേന്മയും ഉറപ്പാക്കപ്പെടും.

- മറുപുറം -

Samasthalayam, Chelari,
P.O. Thenhipalam, Malappuram - 673 636
+91 6235 29 29 29, 0494 2401262, 2401263
smfstate@gmail.com  www.smfkerala.com

**5. ഓൺലൈൻ രജിസ്ട്രേഷൻ**

സെന്റർ അഫിലിയേഷൻ പൂർത്തിയായതോടെ പഠിതാക്കൾക്കുള്ള അപേക്ഷാ ഫോം ലിങ്ക് ലഭ്യമാകും. അതുവഴി എല്ലാ പഠിതാക്കളും ഓൺലൈനായി രജിസ്ട്രേഷൻ നടത്തണം.

**6. കോഴ്സ് ഫീസ്**

കോഴ്സിന്റെ ഫീസ് 750/- രൂപ ആയി നിശ്ചയിച്ചിരിക്കുന്നു.

അതിൽ: 150/- രൂപ സ്റ്റേറ്റ് ഫീസായി പഠിതാക്കൾ ഓൺലൈനായി ഓഫീസിലേക്ക് അടയ്ക്കണം. ശേഷിക്കുന്ന 600/- രൂപ മഹല്ല് കമ്മിറ്റിക്ക് സെന്റർ ചെലവുകൾക്കും ആർ.പിമാരുടെ ഹോണറേറിയത്തിനുമായി ഉപയോഗിക്കാവുന്നതാണ്.

**7. ആർ.പിമാരുടെ ഹോണറേറിയം**

ഓരോ ക്ലാസിനും ആർ.പിമാർക്ക് മിനിമം 2500/- രൂപ ഹോണറേറിയം നൽകേണ്ടതാണ്. അതിനാവശ്യമായ സാമ്പത്തിക ക്രമീകരണങ്ങൾ മഹല്ല് കമ്മിറ്റികൾ മുൻകൂട്ടി ഒരുക്കണം.

**8. 4 മൊഡ്യൂളുകൾ 4 ആർ.പിമാർ**

കോഴ്സ് നാല് മൊഡ്യൂളുകളായാണ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ മൊഡ്യൂളും വ്യത്യസ്ത ആർ.പിമാർ കൈകാര്യം ചെയ്യണം. ഇതിലൂടെ ക്ലാസുകളുടെ വൈവിധ്യവും ഗുണമേന്മയും ഉറപ്പാക്കാനാകും.

**9. സ്ത്രീകളുടെ മൊഡ്യൂൾ സ്ത്രീ ആർ.പിമാർ കൈകാര്യം ചെയ്യണം**

പ്രത്യേകിച്ച് സ്ത്രീകൾക്കായുള്ള നാലാം മൊഡ്യൂൾ നിർബന്ധമായും സ്ത്രീ ആർ.പിമാർ തന്നെയാണ് കൈകാര്യം ചെയ്യേണ്ടത്.

**സർട്ടിഫിക്കറ്റ് സംബന്ധിച്ച നിർദ്ദേശങ്ങൾ**

നാല് മൊഡ്യൂളുകളും പൂർണമായും അറ്റൻഡ് ചെയ്ത പഠിതാക്കൾക്കു മാത്രമാണ് സർട്ടിഫിക്കറ്റ് നൽകുക. കോഴ്സ് പൂർത്തിയായാൽ മഹല്ല് കമ്മിറ്റിയുടെ പേരിൽ സർട്ടിഫിക്കറ്റ് ഓഫീസിൽ നിന്ന് അയക്കുകയോ നേരിട്ട് കൈപ്പറ്റുകയോ ചെയ്യാവുന്നതാണ്. ത്രൈമാസ ക്യാമ്പയിൻ കാലയളവിൽ കോഴ്സ് പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് പ്രത്യേക കോൺവൊക്കേഷനിൽ വെച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതായിരിക്കും.

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഫാമിലി പ്ലസുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും മഹല്ല് കമ്മിറ്റികൾ വഴിയാണ് നടത്തേണ്ടത്. മഹല്ല് തലത്തിൽ കൂടുതൽ കുടുംബങ്ങളെ പദ്ധതിയിലേക്ക് പങ്കെടുപ്പിക്കുന്നതിനായി പ്രത്യേക പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. മഹല്ല് ഭാരവാഹികൾ, എസ്.എം.എഫ് പ്രവർത്തകർ എന്നിവർ ഏകോപിതമായി പ്രവർത്തിച്ച് പദ്ധതി ജനകീയമാക്കണം. ഓരോ മഹല്ലും മാതൃകാപരമായി ഈ പദ്ധതി വിജയിപ്പിക്കാൻ ശ്രമിക്കണം. ഇന്നത്തെ സമൂഹം ഏറ്റവും കൂടുതൽ ആവശ്യമാക്കുന്നത് നല്ല കുടുംബങ്ങളെയാണ്. നല്ല കുടുംബങ്ങൾ രൂപപ്പെടുമ്പോൾ നല്ല സമൂഹവും രൂപപ്പെടും. കുടുംബബന്ധങ്ങളെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും അടിസ്ഥാനത്തിൽ ശക്തിപ്പെടുത്താനുള്ള ഈ ദൗത്യത്തിൽ എല്ലാ മഹല്ല് കമ്മിറ്റികളും ആത്മാർത്ഥമായി മുന്നോട്ട് വരണമെന്ന് സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്യുന്നു.

അല്ലാഹു നമ്മുടെ പ്രവർത്തനങ്ങൾ സ്വീകരിക്കട്ടെ. സമൂഹത്തിന് ഉപകാരപ്രദമായ ഈ സംരംഭം മഹത്തായ മാറ്റങ്ങൾക്ക് വഴിയൊരുക്കട്ടെ. ആമീൻ.

സഹകരണ പ്രതീക്ഷയോടെ,

S.K.S.M.F P.O.THENHIPALAM 673636 SAMASTHALAYAM, CHELARI

**യു. മുഹമ്മദ് ശാഫി ഹാജി (ഒപ്പ്)**

(ജന. സെക്രട്ടറി, SKSMF സംസ്ഥാന കമ്മിറ്റി)

**അബൂബക്കർ ഫൈസി മലയമ്മ (ഒപ്പ്)**

(ചെയർമാൻ, SMF ഫാമിലി പ്ലസ് സംസ്ഥാന സമിതി)

**സലീം എടക്കര (ഒപ്പ്)**

(കൺവീനർ, SMF ഫാമിലി പ്ലസ് സംസ്ഥാന സമിതി)